പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1438

06.03.18 - ൽ മറുപടിക്ക്.

## അഗതിരഹിത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

(എ) 2017-18 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്തൃ സർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതു പ്രകാരം സംസ്ഥാനത്ത് എത്ര അഗതി കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എ) അഗതിരഹിത കേരളം പദ്ധതി ഗുണഭോക്തൃ സർവ്വെ കുടുംബശ്രീ തയ്യാറാക്കിയ പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൂർത്തിയാക്കുകയും കരട് പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ കൈപ്പറ്റിയ അപ്പീലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ പുന:പരിശോധന നടത്തിവരികയാണ്. അന്തിമ ഗുണഭോക്തൃ പട്ടിക പൂർത്തീകരിച്ചിട്ടില്ല.

(ബി) അഗതി കുടുംബങ്ങളെ കണ്ടെത്തുവാനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(ബി) അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയിൽ വിവരിക്കുന്ന, അഗതി കുടുംബത്തിന് ബാധകമായ ചുവടെ കൊടുത്തിരിക്കുന്ന ക്ലേശഘടകങ്ങളിൽ കുറഞ്ഞത് 7 ഉം, അധിക ക്ലേശഘടകങ്ങളിൽ കുറഞ്ഞത് 1 ഉം ബാധകമാകുന്ന കുടുംബങ്ങളെയാണ് അഗതി കുടുംബങ്ങളായി കണക്കാക്കുന്നത്.

**ക്ലേശഘടകങ്ങൾ**

| ക്രമ നം. | ഗ്രാമ പ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| 1 | ഭൂരഹിതർ/10 സെന്റിൽ താഴെ ഭൂമിയുള്ളവർ | ഭൂരഹിതർ/5 സെന്റിൽ താഴെ ഭൂമിയുള്ളവർ |
| 2 | ഭവനരഹിതർ /ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ | ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ |
| 3 | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല |
| 4 | ശുചിത്വ കക്കൂസ് ഇല്ല | ശുചിത്വ കക്കൂസ് ഇല്ല |
| 5 | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം ( ഒരു മാസം | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം ( ഒരു മാസം 10 |

| | | |
|---|---|---|
| | 10 ദിവസത്തിൽ താഴെ മാത്രം ജോലി) | ദിവസത്തിൽ താഴെ മാത്രം ജോലി) |
| 6 | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം |
| 8 | പട്ടികജാതി /പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം | പട്ടികജാതി /പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം |
| 9 | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം |

**അധിക ക്ലേശഘടകങ്ങൾ**

| ക്രമ നം | ഗ്രാമ പ്രദേശങ്ങൾ | നഗര പ്രദേശങ്ങൾ |
|---|---|---|
| 1 | ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടേയും പാടശേഖരങ്ങളുടേയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ) | രാത്രികാലം, പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ |
| 2 | രാത്രികാലം, പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ | സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ |
| 3 | അവിവാഹിതയായ അമ്മ/അമ്മയും കുഞ്ഞും മാത്രം/ഭർത്താവ് ഉപേക്ഷിച്ചതും | ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ |

| | | |
|---|---|---|
| | ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ | |
| 4 | സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ | ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം |
| 5 | തീരാവ്യാധികൾ /ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും | അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ |
| 6 | കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുതന്നെയില്ലാത്ത കുടുംബം | തെരുവുകുട്ടികൾ, ദുർഗ്ഗുണ പരിഹാര പാഠശാല (Juvenile Home), അഗതി മന്ദിരം (Poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം |
| 7 | ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ | കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം |
| 8 | അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ | ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം |
| 9 | - | അബല മന്ദിരത്തിൽ താമസ്സിക്കുന്ന വനിത അംഗമായുള്ള കുടുംബം |
| 10 | - | ചേരി പ്രദേശങ്ങളിൽ താമസ്സിക്കുന്ന കുടുംബം |

ടി വിവരങ്ങൾ ഉൾക്കൊള്ളിച്ച്, കെൽട്രോണിന്റെ സഹായത്തോടെ കുടുംബശ്രീ തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഗുണഭോക്തൃ സർവ്വേ സംഘടിപ്പിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സർവ്വെയിൽ അർഹരായ ആരും തന്നെ ഒഴിവാക്കപ്പെടാതിരിക്കുവാനായി കുടുംബശ്രീ പരിശീലനം നൽകിയ റിസോഴ്സ് പേഴ്സൺമാരാണ് വിവരശേഖരണം നിർവ്വഹിച്ചിരിക്കുന്നത്.

| | |
|---|---|
| (സി) ഇപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) പദ്ധതിയിലൂടെ കണ്ടെത്തുന്ന അഗതികുടുംബ ഗുണഭോക്താക്കൾക്ക് ആവശ്യമായ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ, വികസനാവശ്യങ്ങൾ, മാനസീകാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സഹായങ്ങളാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ